83 (1301) എയ്ഡഡ് സ്കൂളിലേയും സർക്കാർ സ്കൂളിലേയും ജീവനക്കാരുടെ എണ്ണം

ശ്രീ. സി. മൊയീൻകുട്ടി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ എത്ര അദ്ധ്യാപകരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് സ്കൂളുകളിൽ എത്ര നോൺ ടീച്ചിംഗ് സ്റ്റാഫുണ്ട്;

(സി) സർക്കാർ സ്കൂളുകളിൽ എത്ര അദ്ധ്യാപകരും എത്ര നോൺ ടീച്ചിംഗ് സ്റ്റാഫും ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1,11,608

(ബി) 8766

(സി) അദ്ധ്യാപകർ 65,466. നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

84 (1302) അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ ഉത്തരവ് ഏതെല്ലാം സ്കൂൾ മാനേജ്മെന്റുകൾ പാലിച്ചിട്ടുണ്ട്;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഉത്തരവ് പാലിക്കാത്ത സ്കൂൾ മാനേജ്മെന്റുകൾക്ക് എതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്. കേരളത്തിലെ അംഗീകൃത അൺ എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ ശമ്പളം താഴെപറയും പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

പ്രധാന അദ്ധ്യാപകൻ/അദ്ധ്യാപിക	പ്രതിമാസം 3000 രൂപ + 200 രൂപ സൂപ്പർവിഷൻ അലവൻസ്

LIBRARY ARCHIVES Kerala Legislative Assembly